സനാഥനൻ ശ്രീയേശുരാജൻ വാനത്തിൽ വരും
വനാന്തരേ വരുന്ന കാന്തയെ ചേർത്തു കൊള്ളുവാൻ
ഉണർന്നു കൊള്ളുവിൻ ഒരുങ്ങി നില്ക്കുവിൻ (2)
സനാഥനൻ...
അർദ്ധരാത്രി യാമത്തിൽ നാം വന്നിരിക്കുന്നു
മഹാക്രുദ്ധനാം സർപ്പം ചതിക്കും സൂക്ഷിച്ചില്ലെങ്കിൽ
ബദ്ധശ്രദ്ധരായ് പ്രാർത്ഥിച്ചു ജീവിക്കാം (2)
സനാഥനൻ...
പഞ്ചഭൂതങ്ങൾ ഇളകും പാതിരാത്രിയിൽ
തെല്ലും ചഞ്ചലപ്പെടേണ്ട നാം ഉറച്ചു നില്ക്കണം
വഞ്ചകന്മാരെ വാൾകൊണ്ടു വെട്ടണം (2)
സനാഥനൻ...
രണ്ടുപേർ ഒരു കിടക്കയിൽ കിടക്കിലും
വെറും ചണ്ടിയെ വിടുന്നു വീട്ടിൽ ശണ്ഠയിടുകയാൽ
കണ്ടുകൊള്ളുക ക്രൂശ് കണ്ടു ജീവിക്കു
സനാഥനൻ...
ലോകമാം വയലിൽ രണ്ടുപേർ ഇരുന്നിടും
അതിലേകനെ വിടുന്നു ലോക സ്നേഹിയാകയാൽ
ഭോഗ ലോകത്തെ വിട്ടേശു ക്രൂശിങ്കൽ (2)
സനാഥനൻ...
പൊരുത്തമയായിരുന്നു കല്ലിൽ പൊടിക്കിൽ രണ്ടുപേർ
ഒരുത്തിയോ വിടപ്പെടുന്നു കുലടയാണവൾ
ഇരുത്തി വായിക്ക വേദം ശരിക്കു പഠിക്ക നീ (2)
സനാഥനൻ...
അങ്കികൾ അലക്കി വെള്ളയായ് ധരിക്കുക
തെല്ലും ശങ്കിതരാകാതെ ജാഗരിച്ചു സൂക്ഷിക്ക
തങ്കികൊള്ളുക നോട്ടം തങ്കൽ വയ്ക്കുക (2)
സനാഥനൻ...
ഗുരുത്വം ഉള്ള ഭക്ഷണം കഴിച്ചു തൃപ്തരായ്
എന്നും കരുത്തരായി ജീവിച്ചു നൽ പോർ നടത്തണം
തരത്തിൽ തോൽക്കല്ലേ ചീത്ത പറഞ്ഞു പരത്തല്ലേ (2)
സനാഥനൻ...
വേദമാം വിളക്കു തണ്ടിലുയർത്തി വയ്ക്കുക
നിത്യമാദരവോടെണ്ണയും പാത്രത്തിൽ കരുതുക
മോദത്തോടു നാം പാടി വാനത്തേറുമേ (2)
സനാഥനൻ...2
വനാന്തരേ...
ഉണർന്നു...2
സനാഥനൻ...
വനാന്തരേ...
sanaathhanen sreeyesuraajan vaanaththil varum
vanaanthare varunna kaanthaye cherththu kolluvaan
unarnnu kolluvin orungngi nilkkuvin (2)
sanaathhanen...
arddharaathri yaamaththil naam vannirikkunnu
mahaakruddhanaam sarppam chathikkum sookshichchillengkil
baddhasraddharaay praarththhichchu jeevikkaam (2)
sanaathhanen...

panjchabhoothangngal ilakum paathiraathriyil
thellum chanjchalappetenta naam urrachchu nilkkanam
vanjchakanmaare vaalkontu vettanam (2)
sanaathhanen...

rantuper oru kitakkayil kitakkilum
verrum chantiye vitunnuveettil santhayitukayaal
kantukolluka kroos kantu jeevikkoo
sanaathhanen...

lokamaam vayalil rantuper irunnitum
athilekane vitunnu loka snehiyaakayaal
bhoga lokaththe vittesu kroosingkal (2)
sanaathhanen...

poruththamayaayirunnu kallil potikkil rantuper
oruththiyo vitappetunnu kulatayaanaval
iruththi vaayikka vedam sarikku pathikka nee (2)
sanaathhanen...

angkikal alakki vellayaay dharikkuka
thellum sangkitharaakaathe jaagarichchu sookshikka
thangkikolluka nottam thangkal vaykkuka (2)
sanaathhanen...

guruthvam ulla bhakshanam kazhichchu thrptharaay
ennum karuththaraayi jeevichchu nal por nataththanam
tharaththil tholkkalle cheeththa parranjnju paraththalle (2)
sanaathhanen...

vedamaam vilakku thantiluyarththi vaykkuka
nithyamaadaravotennayum paathraththil karuthuka
modaththotu naam paati vaanaththerrume (2)
sanaathhanen...2
vanaanthare...
unarnnu...2
sanaathhanen...
vanaanthare...